**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **03-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത വിഭാഗത്തിൽ താൽക്കാലികമായി അദ്ധ്യാപകരെ നിയമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മെഡിക്കൽ കോളേജ് ആശുപത്രികളുടെ സുഗമമായ നടത്തിപ്പും കോഴ്സുകളുടെ അംഗീകാരവും കണക്കിലെടുത്ത് പി.എസ്.സി വഴി നിയമനങ്ങൾ നടക്കുന്ന കാലയളവ് വരെ അദ്ധ്യാപക തസ്തികകളിലെ എൻട്രി കേഡർ നിയമനങ്ങൾ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് സയൻസ് ഡോക്ടർമാരുടെ കുറവ് കാരണം രാത്രികാല പോസ്റ്റുമോർട്ടം നടത്താനാകാത്ത സാഹചര്യമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം രാത്രികാല പോസ്റ്റുമോർട്ടം ആരംഭിക്കുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 24 മണിക്കൂർ പോസ്റ്റുമോർട്ടത്തിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി അടിയന്തിര സന്ദർഭങ്ങളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തി വരുന്നു . കൂടാതെ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി രാത്രികാല പോസ്റ്റുമോർട്ടം നടത്തി വരുന്നുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് മെഡിസിൻ ഡോക്ടർമാരുടെ കുറവുള്ളതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. |
| (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തിക ഉൾപ്പെടെയുള്ള വിവിധ സ്പെഷ്യലിസ്റ്റ് തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. റിക്രൂട്ടുമെന്റുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങളിൽ എത്രയും വേഗം തീർപ്പുണ്ടാകുവാൻ | (സി) | ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് ഒരുവർഷത്തെ സീനിയർ റസിഡൻസി ബാധകമാക്കുന്നതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകളിൽ വ്യക്തമായ സർക്കാർ നിലപാട് അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ കേസുകൾ |

| | | | |
|---|---|---|---|
| | നിയമനാധികാരിയെന്ന നിലയിൽ കോടതിയിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | | സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തികയിലേയ്ക്ക് 23-11-2023 തിയതിയിൽ പി.എസ്.സി. യിൽ നിന്ന് നിയമന ശിപാർശ ലഭിച്ച 11 ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | (ഡി) | ഉണ്ട് .<br><br>ഡോ.ആര്യ അജയനും മറ്റുള്ളവരും ഫയൽ ചെയ്ത OP(KAT) No.547/2023-മേൽ 08.12.2023-ന് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നിയമന ശിപാർശ നൽകിയ പതിനൊന്ന് (11) ഫോറൻസിക് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നിയമന ഉത്തരവ് നൽകേണ്ടതില്ല എന്ന് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അറിയിച്ചതിനെ തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിയമന ഉത്തരവ് നൽകിയിട്ടില്ല. സീനിയർ റസിഡൻസി സംബന്ധിച്ച് ഡെർമറ്റോളജി & വെനറോളജി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, ഫോറൻസിക് മെഡിസിൻ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ പി.എസ്.സി മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ട് OP(KAT)നം 480/ 2023 ൽ 10.10.2024 ന് പുറപ്പെടുവിച്ച ഉത്തരവിൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ബഹു ഹൈക്കോടതി റദ്ദ് ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട എല്ലാകേസ്സുകളും ബഹു ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി തിരികെ നല്കുകയും ചെയ്തിട്ടുണ്ട് . ഇക്കാര്യത്തിൽ ബഹു ട്രൈബ്യൂണൽ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമന നടപടികൾ പുനഃരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ